## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2329 — 12.03.2020-ൽ മറുപടിക്ക്

### ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഗോത്ര വർഗ്ഗമേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ നിലവിൽ പ്രശ്നങ്ങൾ നേരിടുന്നില്ല. |
| ബി) | നിലവിൽ എത്ര ഏക അദ്ധ്യാപക വിദ്യാലയങ്ങളുണ്ട്; അവയിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നു; അവർക്ക് നിലവിൽ ശമ്പള കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ; അറിയിക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 21 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 19 എണ്ണം ഇടുക്കി ജില്ലയിലും, ഒരെണ്ണം മലപ്പുറം ജില്ലയിലും, ഒരെണ്ണം വയനാട് ജില്ലയിലും പ്രവർത്തിച്ചുവരുന്നു. വയനാട്, മലപ്പുറം ജില്ലകളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പെരിപ്പറ്ററ്റിക് സ്കൂളുകൾ എന്നറിയപ്പെടുന്നു. മേൽപ്പറഞ്ഞ 21 ഏകാദ്ധ്യാപക വിദ്യാലയങ്ങളിലായി 21 അദ്ധ്യാപകർ ജോലി നോക്കുന്നു. മലപ്പുറം ജില്ലയൊഴികെ മറ്റിടങ്ങളിൽ നിലവിൽ ശമ്പള കുടിശ്ശികയില്ല. മലപ്പുറം ജില്ലയിൽ 3 മാസത്തെ ശമ്പളം ട്രഷറി നിയന്ത്രണം കാരണം കുടിശ്ശികയായിരുന്നു. ഇപ്പോൾ ട്രഷറി നിയന്ത്രണം നീക്കിയിട്ടുള്ളതിനാൽ ശമ്പള ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| സി) | അദ്ധ്യാപകർക്ക് ശമ്പളം മുടങ്ങിയതിനുള്ള കാരണമെന്താണ്; ഇത് മുടക്കം കൂടാതെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) | ട്രഷറി നിയന്ത്രണം കാരണമാണ് മലപ്പുറം ജില്ലയിൽ മൂന്ന് മാസത്തെ ശമ്പളം മുടങ്ങിയത്. നിലവിൽ ട്രഷറി നിയന്ത്രണം നീക്കിയിട്ടുള്ളതിനാൽ ശമ്പള ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ